**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5242** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി. യുമായി നടത്തിയ ഇടപാടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി. യുമായി നടത്തിവന്ന ഇടപാടുകളുടെ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണ് സർക്കാർ കെ.ടി.ഡി.എഫ്.സി. എന്ന സ്ഥാപനം രൂപീകരിച്ചത്. എന്നാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പലിശ രഹിത സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി സ്ഥാപനം 11% മുതൽ 16% വരെയുള്ള ഉയർന്ന പലിശ നിരക്കിലാണ് വിവിധ കാലയളവുകളിൽ ജീവനക്കാരുടെ ശമ്പളവും, പെൻഷനും നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പകൾ അനുവദിച്ചിരുന്നത്. തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ മുൻകൈയ്യെടുത്ത് പൊതുമേഖലാ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്തിരുന്ന വായ്പയിൽ കുടിശ്ശികയുണ്ടായിരുന്നതും, കെ.റ്റി.ഡി.എഫ്.സി. മുഖാന്തിരം സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിരുന്ന വായ്പയുടെ മിച്ചവും ചേർത്ത് ആകെ 1100 കോടി രൂപ 9.2% എന്ന കുറഞ്ഞ പലിശ നിരക്കിൽ 20 വർഷത്തെ ദീർഘകാല തിരിച്ചടവ് പ്രകാരം പുനഃക്രമീകരിക്കുകയും, പ്രസ്തുത തുക കെ.റ്റി.ഡി.എഫ്.സി.യുടെ വിഹിതമാക്കി മാറ്റി ടി കൺസോർഷ്യത്തിൽ പങ്കാളിയാക്കുകയും ചെയ്തിട്ടുണ്ട്. അതുവഴി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.യ്ക്ക് നൽകാനുള്ള പ്രതിമാസ വായ്പ തിരിച്ചടവിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. പിന്നീട്, ടി 1100 കോടി രൂപയിൽ 950 കോടി രൂപ മറ്റ് കൺസോർഷ്യം മെമ്പർ ബാങ്കുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | വായ്പ എടുത്ത് കെ.റ്റി.ഡി.എഫ്.സി.യ്ക്ക് തിരിച്ചടച്ചിട്ടുമുണ്ട്. ഇപ്രകാരം നിലവിൽ പുതുക്കിയ കൺസോർഷ്യം വായ്പയിൽ കെ.റ്റി.ഡി.എഫ്.സി.യുടെ വിഹിതത്തിൽ 150 കോടി രൂപ മാത്രമാണ് കെ.എസ്.ആർ.ടി.സി. ഒടുക്കാനായി മിച്ചമുള്ളത്. ടി വായ്പയുടെ തിരിച്ചടവും കോർപ്പറേഷൻ നടത്തിവരികയാണ്. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. ബി.ഒ.റ്റി വ്യവസ്ഥയിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ പണിതിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ KTDFC-യിൽ നിന്നും എടുത്തിരുന്ന വായ്പകളുടെ ആകെ തുക തിട്ടപ്പെടുത്തിയതിൽ പിഴവുണ്ടെന്ന് തർക്കം ഉന്നയിച്ചതിനെ തുടർന്ന് സർക്കാർ തലത്തിൽ KTDFC-യുടെ പ്രതിനിധികളും, കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധികളും തമ്മിൽ ചർച്ചകൾ നടത്തി വരികയാണ്. ടി തർക്കമുള്ള തുക സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | പ്രസ്തുത ഇടപാടുകളുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണ് സർക്കാർ കെ.ടി.ഡി.എഫ്.സി. എന്ന സ്ഥാപനം രൂപീകരിച്ചത്. എന്നാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പലിശ രഹിത സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി സ്ഥാപനം 11% മുതൽ 16% വരെയുള്ള ഉയർന്ന പലിശ നിരക്കിലാണ് വിവിധ കാലയളവുകളിൽ ജീവനക്കാരുടെ ശമ്പളവും, പെൻഷനും നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പകൾ അനുവദിച്ചിരുന്നത്. തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ മുൻകൈയ്യെടുത്ത് പൊതുമേഖലാ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്തിരുന്ന വായ്പയിൽ കുടിശ്ശികയുണ്ടായിരുന്നതും, കെ.റ്റി.ഡി.എഫ്.സി. മുഖാന്തിരം സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിരുന്ന വായ്പയുടെ മിച്ചവും ചേർത്ത് ആകെ 1100 കോടി രൂപ 9.2% എന്ന കുറഞ്ഞ പലിശ നിരക്കിൽ 20 വർഷത്തെ ദീർഘകാല തിരിച്ചടവ് പ്രകാരം പുനഃക്രമീകരിക്കുകയും, പ്രസ്തുത തുക കെ.റ്റി.ഡി.എഫ്.സി.യുടെ വിഹിതമാക്കി മാറ്റി ടി കൺസോർഷ്യത്തിൽ പങ്കാളിയാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. അതുവഴി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.യ്ക്ക് നൽകാനുള്ള പ്രതിമാസ വായ്പ തിരിച്ചടവിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. പിന്നീട്, ടി 1100 കോടി രൂപയിൽ 950 കോടി രൂപ മറ്റ് കൺസോർഷ്യം മെമ്പർ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കെ.റ്റി.ഡി.എഫ്.സി.യ്ക്ക് തിരിച്ചടച്ചിട്ടുമുണ്ട്. ഇപ്രകാരം നിലവിൽ പുതുക്കിയ കൺസോർഷ്യം വായ്പയിൽ കെ.റ്റി.ഡി.എഫ്.സി.യുടെ വിഹിതത്തിൽ 150 കോടി രൂപ മാത്രമാണ് കെ.എസ്.ആർ.ടി.സി. ഒടുക്കാനായി മിച്ചമുള്ളത്. ടി വായ്പയുടെ തിരിച്ചടവും കോർപ്പറേഷൻ നടത്തിവരികയാണ്. തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. ബി.ഒ.റ്റി വ്യവസ്ഥയിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ പണിതിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ KTDFC-യിൽ നിന്നും എടുത്തിരുന്ന വായ്പകളുടെ ആകെ തുക തിട്ടപ്പെടുത്തിയതിൽ പിഴവുണ്ടെന്ന് തർക്കം ഉന്നയിച്ചതിനെ തുടർന്ന് സർക്കാർ തലത്തിൽ KTDFC-യുടെ പ്രതിനിധികളും, കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധികളും തമ്മിൽ ചർച്ചകൾ നടത്തി വരികയാണ്. ടി തർക്കമുള്ള തുക സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. |
| (സി) | ഇപ്പോൾ കെ.ടി.ഡി.എഫ്.സി. യുമായി ഇടപാടുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; പുതിയ ലോൺ ഇടപാടുകൾ തുടരുന്നുണ്ടെങ്കിൽ അതുമുഖേന കെ.എസ്.ആർ.ടി.സി. പ്രതീക്ഷിക്കുന്ന ഗുണം വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി.യും, കെ.റ്റി.ഡി.എഫ്.സി.യുമായി പുതിയ വായ്പ ഇടപാടുകൾ ഒന്നുംതന്നെ നടത്തുന്നില്ല. ഉയർന്ന പലിശനിരക്കിലും, ഹ്രസ്വകാല തിരിച്ചടവ് രീതിയിലുമായിരുന്നു KTDFC കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പകൾ അനുവദിച്ചിരുന്നത്. എന്നാൽ സർക്കാർ മുൻ കൈയ്യെടുത്ത് പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.യ്ക്ക് കുറഞ്ഞ പലിശ നിരക്കിലും, ദീർഘകാല തിരിച്ചടവ് രീതിയിലുമാണ് വായ്പകൾ ലഭ്യമാകുന്നത്. ഇത്തരത്തിൽ കൺസോർഷ്യം വഴി ലഭ്യമായ തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി., KTDFCയ്ക്ക് നൽകേണ്ട വായ്പ തുകയുടെ സിംഹഭാഗവും ഒടുക്കിയിട്ടുണ്ട്. ഇതിനാലാണ് കെ.എസ്.ആർ.ടി.സി. പുതിയ വായ്പകൾ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുക്കാത്തത്. നിലവിലെ കൺസോർഷ്യം വായ്പയിൽ KTDFCയുടെ വിഹിതമായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ